# അയാൾ ആര്
# എന്നതിന്റെ ഉത്തരം

അയാളെ കണ്ടമാത്രയിൽ
ഇടവഴിയുടെ ഞരമ്പുകളിലത്രയും
ചോര കട്ടപിടിച്ചു.
പുൽനാമ്പുകളുടെ കണ്ണുകളിൽ
ഒരുറുമി തെളിഞ്ഞുമിന്നി.

അകത്തളങ്ങളിലെ
കണ്ണീരു മണത്ത ഇരുട്ടിനെ
നാലാക്കി മടക്കി
തലാഖിൽ പൊതിഞ്ഞ്
തലയ്ക്കൽ വച്ചു കിടന്നുറങ്ങിയവർ
മലക്കിന്റെ കാഹളശബ്ദം കേട്ട്
ഞെട്ടിയുണർന്നു.
മുത്തലാഖ് ചൊല്ലാൻ

വാതുറക്കും മുന്നേ
നാവ്
കൈകളിലേക്ക് മുറിഞ്ഞുവീണു.

വിഷം തീണ്ടിയ കല്ലറകൾ
മരിച്ചുപോയ താരാട്ടുകൾക്കൊപ്പം
ഉറക്കെ വാവിട്ടുകരഞ്ഞു.
അതു കേട്ട് തിരിഞ്ഞുനോക്കിയ
തണുത്തു മരവിച്ച ഇരുമ്പഴികളും
അയാളെത്തന്നെയാണ് കണ്ടത്.

ഉണങ്ങിമെലിഞ്ഞ മരങ്ങൾക്കുകീഴെ
ബാല്യങ്ങൾ വിറങ്ങലിച്ചുനിന്നു.
അവർക്കരികെ,
കോട്ടിട്ട ഗോമാതാക്കൾ
കോട്ടുവായിട്ടു.
അപ്പോൾ,
സ്വയം പ്രതിഷ്ഠിച്ച
ആൾദൈവങ്ങൾക്കുപിന്നിൽ

ഒരുറുമിയുടെ വായ്ത്തലയനക്കം.

തീവണ്ടിപ്പാളങ്ങളിൽ
രക്തം കൊണ്ട്
രേഖാചിത്രങ്ങൾ വരച്ചവർ,
മുപ്പതു വെള്ളിക്കാശിനായി
മൂവായിരം ഹൃദയങ്ങളെ
കണ്ണടച്ചൊറ്റിയവർ,
ഖദർ
ഒരു പേടിസ്വപ്നമാക്കിമാറ്റിയവർ,
ഉയർന്നുവന്ന കൈകളെ
തച്ചുടച്ച്
മനനത്തിൽ പൂട്ടിയിട്ടവർ,
എല്ലാവരും അയാളെ കണ്ടു.
പക്ഷേ,
അതാരായിരുന്നുവെന്നു പറയാൻ
അവരാരും ബാക്കിയുണ്ടായിരുന്നില്ല.

ശരീരത്തിനും നിഴലിനുമിടയിൽ

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മൂന്നാമതൊരാൾ.

അയാളാരാണെന്ന്

ആർക്കുമറിയില്ല.

കണ്ണുകൾ

അന്ത്യക്രിസ്തുവിനെപ്പോലെ

ചുവന്നിട്ടാണെന്ന് ഒരുകൂട്ടർ.

കൽക്കിയെപ്പോലെ കറുത്തിട്ടാണെന്ന്

മറ്റൊരുകൂട്ടം.

ആ കണ്ണുകളാരുടേതെന്ന്

തനിക്കറിയാമെന്ന്

ഇരുട്ടിലാണ്ടുപോയ

ഒരു മുത്തശ്ശിക്കഥ

മെല്ലെ പറഞ്ഞതുകേട്ട്

ക്ലാസ്മുറിയിലെ മൗനത്തിൽനിന്നും

ഉയർന്നുവന്ന ഒരാൾമാത്രം

തലകുലുക്കി.

ആളുകളെല്ലാം

പിന്നിലേക്കുനോക്കാതെ

നാലുപാടും പേടിച്ചോടി.
ഉറുമിയുടെ ചിലമ്പൊച്ച
കേൾക്കാതിരിക്കാനായി
കാതുകൾ അടച്ചു കെട്ടിയിട്ടു.

പെട്ടെന്ന്,
ആകാശത്തുനിന്നും
കടലാസുകഷ്ണങ്ങൾ
മഴയായി പെയ്തു.
അതെടുത്തു വായിച്ചവരെല്ലാം
ഉറക്കെ കരഞ്ഞുകൊണ്ടോടുന്നു.

ഒന്ന്,
നിങ്ങളുടെ മുന്നിലും വീണിട്ടുണ്ട്.
അതെടുത്തു വായിക്കുമ്പോൾ
നിങ്ങളുടെ മുഖത്തും
ഭയം തീർത്ത ചാലുകൾ.
തുറന്നുനോക്കിയപ്പോൾ,
തിരുത്തിയ

ഒരു ബൈബിൾ വചനം.

"തെറ്റു ചെയ്യാത്തവർ
തിരിഞ്ഞുനോക്കട്ടെ!"